PROCEEDINGS
OF THE KERALA LEGISLATIVE ASSEMBLY

First Session—1970

Monday, the 2nd March, 1970

Vol. XXVI] OFFICIAL REPORT [No. 16

The Assembly met in the Assembly Chamber, Trivandrum, at Eight of the Clock on Monday, the 2nd March 1970 with Mr. Speaker in the Chair.

QUESTIONS AND ANSWERS

(The number within brackets indicates the number in the list of admitted Questions for the session)

ORAL ANSWERS

നിയമസഭയിൽ നടന്ന സംഭവങ്ങൾ

* 119 (449) ശ്രീ. പി. എൻ. ചന്ദ്രസേനൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാന നിയമസഭയിൽ 1970 ജാനുവരി 29–ാം തീയതി നടന്ന ചില സംഭവങ്ങളെ അടിസ്ഥാനമാക്കി തിരുവനന്തപുരം സിറ്റി ട്രാഫിക്ക് ഇൻസ്പെക്ടർ ശ്രീ. കെ. ശങ്കരനാരായണൻ നായർ കോടതിയിൽ ഒരു കേസ് ഫയൽ ചെയ്തിരിക്കുന്നത് ഗവൺമെൻറിൻെറ അനുവാദത്തോടുകൂടിയാണോ?

മുഖ്യമന്ത്രി (ശ്രീ. സി. അച്യുതമേനോൻ): സംസ്ഥാന ഗവൺമെൻറിൻെറ അനുവാദത്തോടുകൂടിയല്ല.

ശ്രീ. ടി. എം. മീതിയൻ: ആരുടെ അനുവാദത്തോടുകൂടിയാണ് അദ്ദേഹം ഇവിടെ കടന്നു വന്നതെന്ന് ബഹുമാനപ്പെട്ടമന്ത്രിക്കറിയാമോ?

ശ്രീ. സി. അച്യുതമേനോൻ: ചോദ്യം അതിനെസംബന്ധിച്ച് അല്ലല്ലോ. ചോദ്യത്തിൽ ചോദിച്ചിട്ടുള്ളത് അദ്ദേഹം കേസു കൊടുത്തിട്ടുള്ളത് ഗവൺമെൻറിൻെറ അനുവാദത്തോടുകൂടിയാണോയെന്നാണ്. അതിന് അല്ലെന്ന് മറുപടി പറഞ്ഞു.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ആ പോലീസ് ഉദ്യോഗസ്ഥനെ ഇവിടെ എന്തു ഡ്യൂട്ടിയിലാണ് നിറുത്തിയിരുന്നത്? അദ്ദേഹം അസംബ്ലിക്കകത്തു കടന്നു വന്നത് ബഹുമാനപ്പെട്ട സ്പീക്കറുടെ അനുവാദത്തോടുകൂടിയാണോ?

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: അത് എന്നോടു ചോദിക്കേണ്ടതാണ്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: അങ്ങയോടു ചോദ്യം ചോദിച്ചാൽ മറുപടി പറയാൻ സാധിക്കുകയില്ലല്ലോ ?

മി. സ്പീക്കർ: ഏതായാലും ആ പോലീസുദ്യോഗസ്ഥൻ ഞാൻ പറഞ്ഞിട്ടുതന്നെയാണ് വന്നത്. എന്റെ ഓർഡർ അനുസരിച്ചാണ് ഇവിടെ ഡ്യൂട്ടിക്കിട്ടിട്ടുള്ളത്. മുഖ്യമന്ത്രിക്ക് ഇതിൽ കാര്യമില്ല.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: അദ്ദേഹം ബഹളം നടന്നതിനിടക്കാണ് ഇവിടെ കയറി വന്നത്. പോലീസ് ഓഫീസർക്ക് ഒരിക്കലും ഈ സ്ഥലത്തു വരാൻ പാടില്ല. ബഹളം നടന്നപ്പോഴ അദ്ദേഹം ഇവിടെ കയറി വരികയും പോലീസിനെ വിളിക്കണമെന്നു പറയുകയും ചെയ്തത് ഇവിടെ വച്ചാണ്. അങ്ങിനെ പറഞ്ഞതും വന്നതും അങ്ങയുടെ അനുവാദത്തോടു കൂടിയാണോ?

മി. സ്പീക്കർ: ഇവിടെ ഡ്യൂട്ടിക്ക് നിയമിക്കുന്നത് എന്റെ ഓർഡർ അനുസരിച്ചാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അതിൽ ഇടപെടേണ്ട കാര്യമില്ല.

ശ്രീ. വി. കുട്ടിക്കൃഷ്ണൻ നായർ: അന്നത്തെ ബഹളത്തിനിടയിൽ ഇവിടത്തെ വാച്ച് ആൻഡ് വാഡിൽപ്പെട്ട ഒരാളെ മർദ്ദിച്ചതായി പരാതിയുണ്ടായിട്ടുണ്ട്. അതിനെസംബന്ധിച്ച് എന്തെങ്കിലും നടപടികഠം എടുത്തിട്ടുണ്ടോ?

മി. സ്പീക്കർ: അതിനെസംബന്ധിച്ചും എന്റെ ചേമ്പറിൽ വന്നാൽ മറുപടി പറയാം.

ലെവി എടുക്കൽ

* 120 (450) ശ്രീ. ജെ. കമാലിയാസ് മൊറായിസ്:

,, എൻ. ഐ. ദേവസ്സിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1969, 1970 ഈ വർഷങ്ങളിൽ കന്നിപ്പൂവിലും കുംഭപ്പൂവിലും എത്ര ടൺ നെല്ലുവീതം എടുത്തിട്ടുണ്ട്;

(ബി) 160 ഗ്രാം അരി റേഷൻ എന്നുമുതലാണ് അനുവദിച്ചത്;

(സി) ഇത് 120 ഗ്രാം ആയിക്കുറവുചെയ്തത് എന്നാണ്;

(ഡി) ഇങ്ങനെ കുറവുചെയ്യുവാൻ എന്താണ് കാരണം;

(ഇ) ഈ കുറവു പ്രാബല്യത്തിൽ വരുത്തിയ തീയതിക്ക് ഗവൺമെന്റിന്റെ പക്കൽ ഉണ്ടായിരുന്ന അരിസ്റ്റോക്ക് എത്രയായിരുന്നു?

റവന്യുമന്ത്രി (ശ്രീ. കെ. ടി. ജേക്കബ്): (എ) വിവരം താഴെച്ചേർക്കുന്നു. 1969 കുംഭപൂവിൽ സംഭരിച്ച അരിയുടെ കണക്ക് താഴെച്ചേർക്കുന്നു. അതായത് 78319 ടൺ. 1970 കുംഭപൂവിൽ 37333 ടൺ നെല്ലെടുപ്പേ ഉണ്ടായിരുന്നുള്ളു.

(ബി) 15–6–1969 മുതലാണ് 160 ഗ്രാം അരി അനുവദിച്ചിട്ടുള്ളത്.

(സി) 120 ഗ്രാമായി കുറവു ചെയ്തത് 1–2–1970 മുതലാണ്.

LIBRARY ARCHIVES Kerala Legislative Assembly